മലയാള മനോരമ 25 December 2021



നെട്ടൂരിലെ തണ്ടാശേരി ട്രൈബൽ കോളനിയിലെ 22 കുടുംബങ്ങളെ പങ്കാളികളാക്കി സിഎംഎഫ്ആർഐ നടത്തിയ കൂടു മത്സ്യക്കൃഷി വിളവെടുക്കുന്നു.

# കൂടു മത്സ്യക്കൃഷിയിൽ മികച്ച വിളവെടുപ്പ്

കൊച്ചി● കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിൽ ജില്ലയിലെ പട്ടികജാതി/വർഗ കുടുംബങ്ങൾ നടത്തിയ കൂടു മത്സ്യക്കൃഷിയിൽ മികച്ച വിളവെടുപ്പ്. നെട്ടൂർ, ഏഴിക്കര എന്നിവിടങ്ങളിൽ കരിമീൻ, നാടൻ തിലാപ്പിയ മത്സ്യങ്ങളാണു വിളവെടുത്തത്.

സിഎംഎഫ്ആർഐയുടെ ട്രൈബൽ സബ് പ്ലാൻ പദ്ധതിക്കു കീഴിൽ നെട്ടൂരിലെ തണ്ടാശേരി ട്രൈബൽ കോളനിയിലെ 22 കുടുംബങ്ങളെ പങ്കാളികളാക്കി നടന്ന മത്സ്യകൃഷിയിൽ 4 കൂടുകളിൽ നിന്നായി 600 കിലോ കരിമീനും 1300 കിലോ തിലാപ്പിയയും വിളവെടുത്തു. 8 മാസമായിരുന്നു കൃഷിയുടെ കാലയളവ്.

ഏഴിക്കരയിൽ 5 കുടുംബങ്ങളുടെ പങ്കാളിത്തത്തോടെ നടത്തിയ കൂടു കൃഷിയിൽ നിന്ന് 250 കിലോ തിലാപ്പിയ കിട്ടി. ഡോ. കെ. മധു, ഡോ. രമ മധു, എൻ. രാജേഷ് എന്നിവരുൾപ്പെട്ട സിഎംഎഫ്ആർഐയിലെ ഗവേഷക സംഘമാണു മത്സ്യക്കൃഷിക്കു നേതൃത്വം നൽകിയത്.